# സാമൂഹിക ഓഹരി വിപണി :– സി. എസ്. ഒ. കൾക്ക് പുതുവഴികൾ പ്രയോഗികമാക്കേണ്ടതുണ്ട്

ഡോ. ജോസഫ് എബ്രഹാം

ഇന്ത്യയിൽ ഇതംപ്രദമായി സാമൂഹിക ഓഹരി വിപണി കടന്നു വന്നിരിക്കുന്നു. പൂജ്യം പലിശ+ പൂജ്യം പ്രിൻസിപ്പൽ (സീറോ കൂപ്പൺ + സീറോ പ്രിൻസിപ്പൽ) സെക്യുരിറ്റി കൾ ഇഷ്യു ചെയ്ത് വിഭവ സമാഹരണം നടത്തുവാൻ സർക്കാർ ഇതര സിവിൽ സർവീസ് ഓർഗനൈസേഷൻസ് (സി. എസ്. ഒ) / നോൺ ഗവൺമെന്റൽ (എൻ. ജി. ഒ)/ നോൺ പ്രോഫിറ്റ് ഓർഗനൈസേഷനുകൾ( എൻ. പി. ഒ) അവസരം ലഭിച്ചിരിക്കുന്നു. 2022 ജൂലൈ 15 – ന് കേന്ദ്രധനമന്ത്രാലയം ഈ നൂതന സാമ്പത്തിക ഉപകരണത്തെ നിലവിലുള്ള സെക്യുരിറ്റീസ് കോൺട്രാക്റ്റ് (നിയന്ത്രണം) ആക്ട് 1956 – ൽ ഉൾപ്പെടുത്തി വിജ്ഞാപനം ഇറക്കിയിരിക്കുന്നു. ഇതോടെ സാമൂഹിക ഓഹിരി വിപണി വിപ്ലവാത്മകമായ മാറ്റങ്ങൾക്ക് വേദിയായിരിക്കുന്നു.

സീറോ കൂപ്പർ + ഇസഡ് പ്രിൻസിപ്പൽ (ദഇദജ) ഉപകരണത്തെ ഉപയോഗിച്ച് വിഭവസമാഹാരണം നടത്തുവാൻ ആർക്കൊക്കെയാണ് യോഗ്യതയുള്ളത്?. നോണ് പ്രോഫിറ്റ് ഓർഗനൈസേഷനുകൾക്ക് (എൻ. പി. ഒ) എന്ത് മുൻഗണനകൾ/ പ്രത്യേക പരിഗണനയാണ് ലഭിക്കുന്നത്?. ഇവർക്ക് ലഭ്യമാക്കിയിട്ടുള്ള പ്രത്യേക പ്രവർത്തനമേഖലകൾ ഏവയാണ്? എൻ. പി. ഒ കൾക്ക് ഓഹരി വിപണിയിൽ പങ്കെടുക്കാൻ പാലിക്കേണ്ട മാനദണ്ഡങ്ങൾ ഏവയാണ്? ഇവകളിൽ വരുത്തേണ്ട മാറ്റങ്ങൾ ഏവയാണ്? നിലവിൽ ലഭ്യമായിരിക്കുന്ന പുതു സാദ്ധ്യതകൾ പ്രായോഗിക തലത്തിൽ മെച്ചപ്പെടുത്തുവാൻ വരുത്തേണ്ട പ്രധാനമാറ്റങ്ങൾ ഏവയാണ്?

സാമൂഹ്യസേവന രംഗത്ത് നിസ്തുല സേവനം കാഴ്ച വെയ്ക്കുന്ന നമ്മുടെ മിക്ക നോൺ പ്രോഫിറ്റ് ഓർഗനൈസേഷനുകൾക്ക് സാമൂഹ്യ ഓഹരി വിപണിയിൽ ഫലപ്രദമായി പങ്കെടുക്കണമെങ്കിൽ, നിലവിലെ പല നിർദ്ദേശങ്ങൾ/മാനദണ്ഡങ്ങളും ലളിതവത്ക്കരിച്ച് പ്രായോഗിക സമീപനം സ്വീകരിക്കേണ്ടതുണ്ട്. എൻ. പി. ഒകളുടെ പ്രവർത്തനമേഖലകളിലെ മികവുകളും, കുറവുകളും പരിഗണിച്ചാവണം അവർക്കായി പുതിയ സാമ്പത്തിക വാതായനങ്ങൾ തുറക്കുവാൻ. സി. എസ്. ഒ. കൾക്ക് സാമൂഹ്യ ഓഹരി വിപണിയിൽ ഫലപ്രദമായി പങ്കെടുക്കുവാൻ വേണ്ട മാറ്റങ്ങൾ ഇവിടെ നിർദ്ദേശിക്കുകയാണ്, ഇത് പൊതുസമൂഹം ചർച്ച ചെയ്തു വേണ്ട മാറ്റങ്ങൾ വരുത്തുവാൻ അധികാരികളുടെ കണ്ണുതുറപ്പിക്കട്ടെ.

## സാമൂഹിക ഓഹരി വിപണി

സുസ്ഥിര വികസനം ഇന്ത്യയിൽ ഉറപ്പാക്കുന്നതിന് മനുഷ്യ വിഭവശേഷി – സാമ്പത്തിക – പ്രകൃതി വിഭവങ്ങളുടെ ഏകോപനങ്ങൾ സമഗ്രമായി സഹവർത്തിക്കേണ്ടതുണ്ട്. ഇപ്രകാരമുള്ള ലക്ഷ്യ പ്രാപ്തിയിലേക്ക് നമ്മുടെ രാജ്യത്ത് ലാഭേച്ഛയില്ലാതെ പ്രവർത്തിച്ചുവരുന്ന അനേകായിരം സാമൂഹിക സ്ഥാപനങ്ങളാണ്, നോൺ പ്രൊഫിറ്റ് ഓർഗണസേഷൻ (എൻ.പി.ഒ) എന്നു വിഭാഗത്തിൽ ഉൾപ്പെടുത്തിരിക്കുന്ന പ്രസ്ഥാനങ്ങൾ. ഇവ രാജ്യത്തിന്റെ ആഭ്യന്തര ഉത്പാദനത്തിന്റെ 1.94 ശതമാനം (2019 – 20 – ൽ) ലഭ്യമാക്കിയിരുന്നു. ഈ എൻ. പി. ഒ. കളിൽ മുഖ്യമായും; സൊസൈറ്റികൾ 60%, ട്രസ്റ്റികൾ 32%, സെക്ടർ 8 കമ്പനികൾ 8%, വീതം പങ്ക് നിർവഹിക്കുന്നവയാണ്. 2030 – തിനോടകം ഇന്ത്യയുടെ സുസ്ഥിരവികസന ലക്ഷ്യങ്ങൾ (എസ്.ഡി.ജി) നേടുന്നതിനുള്ള അജൻണ്ടാ നടപ്പിലാക്കുന്നതിൽ എൻ പി ഒകൾക്ക് സുപ്രധാന പങ്ക് വിവക്ഷിച്ചിരിക്കുന്നു.

*സാമ്പത്തിക ശക്തി*

*ഇന്ത്യാഗവൺമെന്റ് നടത്തിയ 2015 – ലെ മിനിസ്ട്രി ഓഫ് സാറ്റാറ്റിസ്ക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ (ങ.ഛ.ട.ജ.ക) എം. ഒ. എസ്. പി. ഐ യുടെ സർവ്വേ പ്രകാരം ഏകദേശം 3.17 മില്യൺ എൻ. പി. ഒ – കൾ ഇന്ത്യയിൽ പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തനങ്ങൾ ഏതാണ്ട് 19.2 മില്യൺ ജനങ്ങളെ ഉൾപ്പെടുത്തി യാണ് മുന്നേറുന്നത്. ഇവരിൽ 2.7 മില്യൺ വേതനം കൈപ്പറ്റുന്നവരാണ്; 3.4 മില്യൺ മുഴുവൻ സമയ സന്നദ്ധ പ്രവർത്തകരാണ്; അതായത് 6.1 മില്യൺ പ്രവർത്തകർ രാജ്യ പുരോഗതിയ്ക്കായി പ്രവർത്തിക്കുന്നു. ഇത് കേന്ദ്ര ഗവൺമെന്റിലെ 3.3 മില്യൺ സ്ഥിര ഉദ്യോഗസ്ഥപ്പടയോട് കിടപ്പിടിക്കുന്നതിനും ഉപരിയണ്. ഈ എൻ. പി. ഒ. കളുടെ ശരാശരി ചിലവിനങ്ങളിൽ 51 % സ്വമേധയ കണ്ടെത്തുന്നവയും, 36% ഗവൺമെന്റ് ധനസഹായങ്ങളും, 7% വിദേശസഹായവുമാണ്. 2020 – ൽ രാജ്യത്തിന്റെ പ്രതിവർഷ ആഭ്യന്തര ഉൽപ്പാദനത്തിന്റെ 2% ഇവർ നിർവ്വ ഹിക്കുന്നു. ഈ എൻ പി ഒ കൾ ഇന്ത്യയെ വികസിത രാജ്യമാക്കി രൂപപ്പെടുത്തുന്നതിൽ സുപ്രധാന പങ്കു വഹിക്കുന്നുണ്ട്.*

*സുസ്ഥിര വികസന ലക്ഷ്യം*

*യുണൈറ്റഡ് നേഷൻസ് ഡവലപ്മെന്റ് പ്രോഗ്രാം (ഡ.ച.ഉ.ജ.) പ്രകാരം ഇന്ത്യയ്ക്ക് 17 സുസ്ഥിര വിക സന ലക്ഷ്യങ്ങൾ 2030 നോടെ പൂർത്തികരിക്കേണ്ടതുണ്ട്. ഈ അജണ്ടഇനങ്ങളിലെ മുഖ്യ 3 ഇനങ്ങളാണ്; ദാരിദ്ര്യം, വിശപ്പ്, സ്ത്രീ അസമത്വം എന്നിവ ഇല്ലാതാകുന്നയെന്നത്. മറ്റ് 8 പ്രധാന ലക്ഷ്യങ്ങളാണ്; നിലവാര മുള്ള വിദ്യാഭ്യാസം, നല്ല ആരോഗ്യം, തൊഴിലും സാമ്പത്തിക വളർച്ചയും, അസമത്വങ്ങൾ കുറയ്ക്കുക, സുസ്ഥിര ഉൽപാദനവും ഉപഭോഗവും, കാലാവസ്ഥ ഇടപെടലുകൾ, സമാധാനം – നീതി – ശക്തമാക്കുന്ന സ്ഥാപനങ്ങൾ; ഇതര 6 ഇനങ്ങൾ :– ജലത്തിലെ ജീവൻ, മണ്ണിലെ ജീവൻ, ലക്ഷ്യങ്ങൾ നേടാൻ പങ്കാളിത്തങ്ങൾ, ചിലവു കു റഞ്ഞ മലിനീകരണമുക്ത ഊർജ്ജം, ശുദ്ധജലവും മാലിന്യ നിർമ്മാർജനവും, വ്യവസായം – സംരംഭകത്വം അടി സ്ഥാന സൗകര്യങ്ങൾ എന്നിങ്ങനെ നിശ്ചയിപ്പെടുത്തിയിരിക്കുന്നു. ഈ മേഖലകളിൽ എൻ. പി. ഒകൾക്ക് ഫലപ്രദമായി പ്രവർത്തിക്കണമെന്നാണ് വിവക്ഷ.*

*സാമൂഹിക സംരംഭകത്വം*

*നമ്മുടെ സാമൂഹിക സംരംഭങ്ങൾ വിവിധങ്ങളായ വെല്ലുവിളികളെ നേരിടുന്നു. മുഖ്യമായും സമൂഹവും പ്രകൃതിയും ഒന്നുചേർന്നു സൃഷ്ടിക്കുന്ന പ്രതിസന്ധികളെ മറികളക്കുവാൻ ഈ എൻ. പി. ഒ. കൾ ലക്ഷ്യമി ടുന്നു. ലാഭം നേടുകയല്ല ഇവയുടെ മുഖ്യലക്ഷ്യം. സ്വകാര്യമേഖലയുടെ സംരംഭകത്വ മികവും വാണിജ്യ സാദ്ധ്യ തകളും മുതലാക്കി പൊതുനന്മ /സേവനം ഈ എൻ. പി. ഒ. കൾ സമൂഹത്തിന് കാഴ്ച വയ്ക്കുന്നു. സാമൂ ഹിക അസമത്വങ്ങളെ കുറയ്ക്കുന്നതിന് ഇവ ചിലവു കുറഞ്ഞ രീതികൾ, ഉത്പന്നങ്ങൾ, മികച്ച ചിലവ് കുറഞ്ഞ സാങ്കേതിക അറിവുകൾ, സേവനങ്ങൾ എന്നിവ സമൂഹത്തിന് ലഭ്യമാക്കുന്നു.*

*സാമൂഹിക പ്രവർത്തനങ്ങൾ*

*സമൂഹത്തിന്റെ പുരോഗതി, നന്മ എന്നിവ ലക്ഷ്യമാക്കി ലാഭേച്ഛ മുഖ്യ ലക്ഷ്യമല്ലാതെ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളെയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തുക. ഇവരുടെ പ്രവർത്തനങ്ങൾ മുഖ്യമായും ഇവിടെ വിശ ദീകരിച്ചിട്ടുള്ള പതിനേഴ് എം. ഡി. ഇ ഇനങ്ങളിലാവേണ്ടതുണ്ട്. ഈ പ്രവർത്തനങ്ങൾ പാർശ്വവത്ക്കരിക്കപ്പെട്ട, പ്രത്യേക പരിരക്ഷകൾ ലഭിക്കാത്ത ജന സഞ്ചയത്തെ കൈപിടിച്ചു ഉയർത്തുന്നവയാകണം. ഇത്തരം സംഘട നകൾ അവരുടെ വാർഷിക പ്രവർത്തനങ്ങളുടെ മുന്നിൽ രണ്ടു ഭാഗവും നിർദ്ദിഷ്ട പ്രവർത്തനങ്ങളെ കേന്ദ്രീ കരിച്ചാണ് നടപ്പിലാക്കുന്നത് എന്ന് വിശദമാക്കേണ്ടതുണ്ട്.*

*സാമൂഹിക ധനം*

*സാമൂഹിക ധന സമ്പാദ്യ സമാഹരണത്തിലൂടെ സുസ്ഥിര നിക്ഷേപങ്ങൾ–പ്രവർത്തനങ്ങൾ നടപ്പിലാക്കി പ്രകൃതിയെയും സമൂഹത്തിനെയും സമഗ്രമായി നവീകരിക്കുന്ന പ്രവർത്തനങ്ങളിൽ ഇവർ ഏർപ്പെട്ടു വരുന്നു. ഈ എൻ. പി. ഒ. കൾക്ക് പല തലങ്ങളിൽ ഫണ്ട് രൂപീകരിക്കുവാൻ കഴിയുന്നു; പ്രധാനമായും ഗ്രാന്റുകൾ, സംഭാവനകൾ, സാമൂഹിക സംരംഭകത്വ നിക്ഷേപങ്ങൾ എന്നിവയിലൂടെ കമ്പനികളുടെ സി. എസ്. ആർ. 2% നിലവിലെ ലാഭവിഹിതം നേടുവാൻ എൻ. പി. ഒ. കൾക്ക് സാധിക്കുന്നതാണ്. മറ്റ് പ്രധാന ധനസമാഹരണ സാദ്ധ്യതകൾ; ബഹുരാഷ്ട്ര ഏജൻസികൾ, കമ്പനികൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവകളാണ്.*

*എസ്. എസ്. ഇ സംവിധാനം*

*ശക്തവും വിപുലവുമായ ഇന്ത്യൻ ഓഹരി വിപണിയിലൂടെ സാമൂഹിക മേഖലയുടെ വളർച്ച സാധ്യമാക്കാൻ സാമൂഹിക ഓഹരി വിപണിയെ സോഷ്യൽ – സ്റ്റോക്ക് – എക്സേഞ്ചുകളെ (എസ്. എസ്. ഇ) പ്രോത്സാഹിപ്പിക്കുകയാണ് പ്രധാന ലക്ഷ്യം. ഓഹരി വിപണിയും സാമൂഹിക സംരംഭങ്ങളും സഹകരിച്ച് പ്രവർത്തിക്കുന്നതിലൂടെ പുതിയ ധനസമാഹരണം സോഷ്യൽ സ്റ്റോക്ക് എക്സ്ഞ്ചേജുകളിലൂടെ സാധ്യമാവു എന്നതാണ് പ്രത്യാശ.*

*വിപുലമായ പ്രവർത്തന മേഖല*

*മൊത്തം 17 അനുയോജ്യമായ പ്രവർത്തനരംഗങ്ങൾ എൻ. പി. ഒ കൾക്ക് പ്രവർത്തിക്കുവാൻ പൊതുവിൽ നിശ്ചയിച്ച് വേർതിരിച്ചിരിക്കുന്നു. ഇവയിൽ 5 ഇനങ്ങൾ മുഴുവനോ ഭാഗികമായോ യു. എൻ. ഡി. പി. യുടെ 2030 ൽ പൂർത്തീകരിക്കാൻ നിശ്ചയിച്ചിട്ടുള്ള 17 എം. ഡി. ജി കളിലും ഉൾപ്പെടുന്നവയാണ്. ഇപ്രകാരം ഉൾപ്പെടാതെ പുതുതായി ലിസ്റ്റ് ചെയ്തിട്ടുള്ള മറ്റ് പ്രധാന പ്രവർത്തന ഇനങ്ങൾ താഴെ നൽകുന്നു.*

*1. വനം വന്യജീവികളെ സംരക്ഷിക്കുക*

*2. ലെസ്ബിയൻ, ബൈസെക്ഷ്വൽ, ഗേ, ട്രാൻസ് ജെന്റർ, ക്വീർ, ഇന്റർസെക്സ്, അസെക്ഷ്വൽ എന്നിവകളെ മാനിച്ച് പ്രമോട്ട് ചെയ്യുക*

*3. ദേശീയ പൈതൃകങ്ങൾ, കല, സംസ്കാരം എന്നിവ സംരക്ഷിക്കുക;*

*4. ഗ്രാമീണ, ദേശീയ, ഒളിപിക്, പാരാലിംപിക്, കായികം ഇനങ്ങളെ പരിശീലിപ്പിക്കുക;*

*5. സാമൂഹിക സംരംഭങ്ങളെയും അടയിരിക്കൽ (കിരൗയമദ്യേ) സംവിധാനങ്ങളെയും സപ്പോർട്ട് ചെയ്യുക;*

*6.ലാഭേച്ഛയില്ലാതെ വർത്തിക്കുന്ന സംവിധാനങ്ങൾക്ക് ധന സമാഹരണം, ശാക്തീകരണത്തിനും കൈത്താങ്ങായ് വർത്തിക്കുക,*

*7. ഗ്രാമീണ/പട്ടണ മേഖലകളിൽ ജീവനോപാധികളെ പ്രോത്സാഹിപ്പിക്കുക; പരിമിത/ചെറുകിട കർഷകരെയും, കാർഷികേതരരുടെയും വരുമാന വർദ്ധിപ്പിക്കാൻ പ്രോത്സാഹനം നൽകുക;*

*8. ചേരികളുടെ വികസനം, കുറഞ്ഞ ചിലവിലുള്ള വീടുകൾ, തുടങ്ങിയ ഇടപെടലുകളിലൂടെ പ്രതിരോധശേഷിയുള്ളതും സുസ്ഥിരവുമായ പട്ടണങ്ങൾ വളർത്തുക;*

*9. പ്രകൃതിക്ഷോഭ കെടുതലുകളിൽ ആശ്വാസം, പുനരധിവാസം, പുനർനിർമ്മാണം മുതലായ പ്രവർത്തനം നടത്തുക;*

*10. സാമ്പത്തിക ഉൾപ്പെടുത്തലുകളെ പ്രോത്സാഹിപ്പിക്കുക;*

*11. ദുർബല സമൂഹങ്ങൾക്ക് ഭൂമി, മറ്റ് ആസ്തികൾ ലഭ്യമാക്കൽ പ്രവർത്തനങ്ങളിൽ ഇടപെടുക;*

12. ഇന്റർനെറ്റ്, മൊബൈൽ ഫോൺ എന്നിവയുടെ ലഭ്യത; തെറ്റായ വിവര പ്രചാരണം, വിവരങ്ങൾ നൽകാതിരിക്കൽ എന്നിവയിലുള്ള ഡിജിറ്റൽ വിടവുകളെ കുറച്ചു കൊണ്ടുവരിക;

13. കുടിയേറ്റം/കുടിയിറക്കം എന്നിവയെ അഭിമുഖീകരിച്ച വ്യക്തികളുടെ ക്ഷേമം ഏർപ്പാടാക്കുക;

14. ഇന്ത്യാ ഗവൺമെന്റിന്റെ പുതിയതായി നിശ്ചയിക്കുന്ന ബാധകമായ മറ്റ് പ്രവർത്തനങ്ങളിൽ ഇടപെടുക.

മേൽപ്രകാരമുള്ള ലിസ്റ്റിൽനിന്നും തൽപ്പരവിഷയങ്ങളിൽ, മേഖലകളിൽ പ്രവർത്തിച്ച്, ദേശീയ ലക്ഷ്യങ്ങൾ നേടിയെടുക്കുവാൻ ഗവൺമെന്റ് സംവിധാനങ്ങളോട് ചേർന്ന് നിന്നു എൻ പി ഒ കൾക്ക് പ്രവർത്തിക്കാൻ ഉത്തരമാദിത്വമുണ്ട്.

<u>ഉൽപത്തിയിലൂടെ</u>

കേന്ദ്രധനകാര്യമന്ത്രി ബഹു. നിർമ്മലാ സീതാ രാമൻ 2019 – 20 ലെ ബജറ്റിൽ സോഷ്യൽ ഓഹരി വിപണിയുടെ ആരംഭം കുറിച്ചു ചരിത്രം രചിച്ചു ഇൻഡ്യയിൽ. ഇലക്ട്രോണിക് ഫണ്ട് കണ്ടെത്തൽ പ്രതലം സെബിയുടെ (ടഋആക) യുടെ നിയന്ത്രണത്തിൽ സാമൂഹിക സംരംഭങ്ങളെയും എൻ. ജി. ഒ. കളെയും പൊതു നന്മ ലക്ഷ്യമിട്ടു പ്രവർത്തിക്കുവാൻ വേണ്ട ഫണ്ടുകൾ, ഷെയറുകൾ, വായ്പകൾ, മ്യൂച്ചൽഫണ്ടുകൾ എന്നിവകളിലൂടെ ധനം സമാഹരിക്കുവാൻ അനുവാദം നൽകിയിരിക്കുന്നു. മേൽപ്രകാരമുള്ള പ്രവർത്തനങ്ങളുടെ പൊതുവേദിയായി സോഷ്യൽ സ്റ്റോക്ക് എക്ച്ചേഞ്ചുകൾ പ്രവർത്തിക്കും.

<u>വർക്കിങ്ങ് ഗ്രൂപ്പുകൾ</u>

സെബി സെപ്റ്റംബർ 2019 ൽ നിയോഗിച്ച ഈഷാത്ത് ഹുസൈൻ വർക്കിംഗ് ഗ്രൂപ്പ് ജൂൺ 2020 – ൽ സുപ്രധാന നിർദ്ദേശങ്ങൾ ലഭ്യമാക്കി. ഇതിൻ പ്രകാരം÷

1. സോഷ്യൽ സ്റ്റോക്ക് എക്സ്ച്ചേഞ്ചുകൾക്ക് സെബിയുടെ കീഴിൽ നിലവിലുള്ള സ്റ്റോക്ക് എക്സേച്ചുകളിലൂടെ പ്രവർത്തിക്കാം;

2. എൻ പി. ഓ കളുടെ കപ്പാസിറ്റി വർദ്ധനയ്ക്കായി പ്രത്യേക ഫണ്ട് രൂപീകരിക്കുക;

3. പൂജ്യം പലിശ പൂജ്യം മൂലധന ബോണ്ടുകൾ (സീറോ കൂപ്പൺ – സീറോ പ്രിൻസിപ്പൽ ബോണ്ടുകൾ, (ദഇദജ) എന്ന ഉപകരണത്തിലൂടെ സംഭാവനകൾ, ഇക്കുറ്റികൾ എന്നിവ സോഷ്യൽ സ്റ്റോക്ക് എക്സേഞ്ചുകളിലൂടെ ലഭ്യമാക്കുവാൻ അവസരം ഏർപ്പാടാക്കി.

<u>ടെക്നിക്കൽ ഗ്രൂപ്പ്</u>

സെപ്റ്റംബർ 2020 – ൽ ഡോ. ഹർഷ ബാൻവാലേയുടെ നേതൃത്വത്തിൽ ടെക്നിക്കൽ ഗ്രൂപ്പിനെ നിയോഗിച്ച് യോഗ്യത മാനദന്ധങ്ങൾ ലഭ്യമാക്കിയിരിക്കുന്നു :–

1. സാമൂഹ്യ നന്മയിലൂന്നിയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന എൻ.പി.കെൾക്കെ സോഷ്യൽ സ്റ്റോക്ക് എക്സേഞ്ചുകളിൽ രജിസ്റ്റർ ചെയ്യൽ നിർബന്ധമാക്കിയിരിക്കുന്നു. ;

2. രജിസ്റ്റർ ചെയ്തിട്ടുള്ള സോഷ്യൽ എന്റർപ്രൈസുകൾക്ക് പ്രവർത്തനറിപ്പോർട്ടുകൾ സമർപ്പിക്കുന്നത് അവസരം നിർബന്ധമാക്കി.

3. എസ്. ഇ കളുടെ പ്രവർത്തനങ്ങളെ സാമൂഹിക ഓഡിറ്റിലൂടെ വിലയിരുത്തുവാനുള്ള ഉത്തരവാദിത്വങ്ങൾ നിശ്ചയിച്ചു.;

4. സാമൂഹിക വെർച്ച്വർ ഫണ്ടുകളുടെ സവിശേഷതകൾക്ക് മാറ്റങ്ങൾ നിർദ്ദേശിക്കുവാൻ ചുമതല നിർദ്ദേശിച്ചു. ആക്ടിൽ ഉൾപ്പെടുത്തി

മേൽ നിർദ്ദേശങ്ങളെ ഉൾപ്പെടുത്തി 2022 ൽ ജൂലൈ 15 – ന് കേന്ദ്ര ധനമന്ത്രാലയം സീറോ കൂപ്പൺ – സീറോ പ്രിൻസിപ്പൽ (ദഇദജ) ഉപകരണത്തെ സെക്യുരിറ്റി ഇനമായി, സെക്യുരിറ്റി കോൺട്രാക്റ്റ് (നിയന്ത്രണം) ആക്ട് 1956 – ൽ ഉൾപ്പെടുത്തി. 25 ജൂലൈ 2022 – ൽ മേൽ സൂചിപ്പിച്ച വർക്കിംഗ് /ടെക്നിക്കൽ ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങളെ ക്രമപ്പെടുത്തി സെബി പുതുക്കിയ ഉത്തരവ് പുറപ്പെടുവിച്ചു. സെപ്റ്റംബർ 2022 – ൽ സെബി സോഷ്യൽ സ്റ്റോക്ക് എക്സേഞ്ചുകളുടെ രൂപീകരണ – പ്രവർത്തന രൂപരേഖ തയ്യാറാക്കി നൽകി. ഒക്ടോബർ 2022 ൽ സെബി സോഷ്യൽ സ്റ്റോക്ക് എക്സേഞ്ചുകളുടെ ഗവേണിംഗ് ബോഡി രൂപീകരണത്തിനായുള്ള നിർദ്ദേശങ്ങളും ലഭ്യമാക്കി.

<u>ഇലക്ട്രോണിക് യുഗ സാധ്യതകൾ</u>

പുതിയ സ്റ്റോക്ക് എക്സേഞ്ചുകൾ നിലവിലുള്ള രണ്ട് സ്റ്റോക്ക് എക്സേഞ്ചുകളായ എൻ. എസ്. ഇ യുടെയും ബി.എസ്.ഇ യുടെയും പ്രത്യേക വിഭാഗമായി വർത്തിക്കും. സാമൂഹിക സംരംഭങ്ങളായ ഈ സ്ഥാപനങ്ങൾ/സംഘടനകൾ ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന, എൻ. ജി. ഒകൾ, സെക്ടർ 8 കമ്പനികൾ, ട്രസ്റ്റുകൾ, സൊസൈറ്റികൾ എന്നിവകളെ ഉൾപ്പെടുത്തുന്നവയാണ്. സാമൂഹിക ഓഹരി വിപണിയിൽ പങ്കാളികളാകുന്ന മുറയ്ക്ക് ഇവർക്ക്:–

1. മൂലധന ഫണ്ട് കണ്ടെത്തുന്നതിന് വലിയ അവസരങ്ങൾ ഇലക്ട്രോണിക് മോഡിലൂടെ ലഭ്യമാക്കപ്പെടുമെന്നാണ്;

2. സെബിയുടെ മേൽനോട്ടത്തിൽ ഇവരുടെ ധന സമാഹരണ, സാമൂഹിക വികസന പ്രവർത്തനങ്ങൾ ഏകീകൃതവും;

3. എല്ലാ പ്രവർത്തനങ്ങളും സുതാര്യവും നിയമാനുസൃതവുമാക്കാൻ കഴിയും.

ഇലക്ട്രോണിക് മോഡിലൂടെ സോഷ്യൽ ഇക്കുറ്റികൾ ഇഷ്യു ചെയ്താൽ വലിയതോതിൽ പുതിയ ധന സമാഹരണം എൻ.പി. ഒ കൾക്കാകും എന്ന പ്രതീക്ഷ എത്രമാത്രം ഫലപ്രദമാകുമെന്ന് നിലവിൽ കണക്കുകൾ ലക്ഷ്യമല്ല. സെബിയുടെ മേൽനോട്ടം സാമൂഹിക നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കും എന്നതിന് നിലവിൽ ഉറപ്പുകൾ പോരാ. സുതാര്യതയും നിയമാനുസൃതവുമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് ഇലക്ട്രോണിക് മോഡിനെപ്പോലെ മറ്റ് മാനുഷിക പ്രയത്നം കുറക്കുന്ന വിഭവം വിപുലമായി ഉപയോഗിക്കുന്ന മോഡലുകളും മികച്ച ഫലങ്ങൾ പുറപ്പെടുവിക്കുന്ന തരത്തിൽ ഇവർക്ക് ഉപയോഗപ്പെടുത്താം.

<u>നിബന്ധനകൾ കഠിനതരം</u>

സോഷ്യൽ സ്റ്റോക്ക് എക്സേഞ്ചിൽ പങ്കാളിയാകുവാൻ ഒരു എൻ. പി. ഒ യ്ക്ക് പല കഠിന നിബന്ധനകൾ പാലിക്കേണ്ടതുണ്ട്.

1. ഈ സാമൂഹിക സംരംഭങ്ങൾ കേന്ദ്ര – സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കി വരുന്ന വികസന പ്രവർത്തനങ്ങൾ വേണ്ട തോതിലും ശരിയായ രീതിയിലും നടപ്പിലാക്കാതെ വരുന്ന പ്രദേശങ്ങളെയും, ജന വിഭാഗങ്ങളെയും സഹായിക്കുന്ന തരത്തിലാവണം ഇവർ നടപ്പിലാക്കേണ്ടത്.

2. ഈ എൻ.പി.ഒ കളുടെ 67% പ്രവർത്തനങ്ങളും നിശ്ചിത ലക്ഷ്യങ്ങൾ നേടുന്നവയാണെന്ന് തെളിയിക്കേണ്ടതുണ്ട്. താഴെ നൽകിയിരിക്കുന്ന മൂന്നു നിബന്ധകളിൽ കുറഞ്ഞത് ഒരെണ്ണമെങ്കിലും പാലിച്ചതായി തെളിയിക്കേണ്ടതുണ്ട്.

എ.) തുടർച്ചയായി മുൻ മൂന്നു വർഷങ്ങളിലെ ശരാശരി വരുമാനത്തിന്റെ 67% നിശ്ചിതപ്രവർത്തനങ്ങളിലൂടെ അർഹതപ്പെട്ട മേഖലകളിലെ ജനങ്ങൾക്ക് സേവനങ്ങൾ/വിഭവങ്ങൾ എത്തിക്കുന്നതിൽ നിന്നാവണം ;

ബി) തുടർച്ചയായി മുൻ മൂന്നു വർഷങ്ങളിലെ ശരാശരി ചിലവിന്റെ 67% നിശ്ചിത പ്രവർത്തനങ്ങളിലൂടെ അർഹതപ്പെട്ട മേഖലകളിലെ ജനങ്ങൾക്ക് സേവനങ്ങൾ/വിഭവങ്ങൾ എത്തിക്കുന്നതിൽ നിന്നാവണം;

സി) മുൻ മൂന്നു വർഷങ്ങളിലെ അംഗീകൃത പ്രവർത്തനങ്ങൾ നടപ്പിലാക്കിയവയുടെ 67% ലക്ഷ്യമിട്ടിട്ടുള്ള ഉപഭോക്താക്കൾ/ഗുണഭോക്താക്കളെ ഉൾക്കൊണ്ടാണ് നടപ്പിലാക്കികയത് എന്ന് ബോധ്യപ്പെടുത്തേണ്ടതുണ്ട്.

ദാരിദ്ര്യം – ദൂഷിത – വലയം

മേൽ നിബന്ധനകൾ നടപ്പിലാക്കുവാൻ പല പ്രായോഗിക തടസ്സങ്ങൾ നിലവിലുണ്ട്;

1) എൻ. പി. ഒ കൾ സർക്കാരിന്റെ മുൻഗണനകളെ മാത്രമേ പിൻതുടർന്ന് വികസന പ്രവർത്തനം നടത്താവു എന്നത് പല അർഹതപ്പെട്ട അടിയന്തര പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും ഇവർക്ക് വിലക്ക് കല്പ്പിക്കുകയാണ് ഫലത്തിൽ;

2) 67% ശരാശരി വരുമാനം/ചിലവുകൾ നടപ്പിലാക്കിയ പ്രവർത്തികൾ/സേവനങ്ങൾ/ ജനവിഭാഗം / പ്രദേശങ്ങൾ എന്നിവയിൽനിന്നും മാത്രമായി കണ്ടെത്തണം/പരിമിതപ്പെടുത്തണമെന്നത് പ്രായോഗിക തലത്തിൽ ഭാരിച്ച നിയന്ത്രണം ഏർപ്പെടുത്തുന്നതിന് സമാനമാണ്. ഈ നിയന്ത്രണവും മറ്റ് രണ്ടു നിയന്ത്രണങ്ങളും സമ്പദ്ഘടനയുടെ താഴെത്തട്ടിൽ ജീവസന്താരണം നടത്തുന്ന ഈ ജനസഞ്ചയങ്ങളെ വിഭവ ദാരിദ്ര്യത്തിന്റെ നീരാളിപ്പിടുത്തങ്ങളിൽ തളച്ചിടുന്നതിന് സമമാണ്. ദാരിദ്ര്യത്തിന്റെ ദൂഷിതവലയം തകർക്കുവാൻ വരുമാന സ്രോതസുകൾ ഇതര മേഖലകളിൽ/പ്രവർത്തികളിൽ/വിപണികളിൽ/വിഭാഗങ്ങളിൽ നിന്നോ കണ്ടെത്തണമെന്നത് പരിഗണിക്കണം.

രജിസ്ട്രേഷൻ

മുഖ്യ 5 യോഗ്യതകൾ കൈവരിച്ച എൻ. പി. ഒ കൾക്കേ സാമൂഹിക ഓഹരി വിപണിയിൽ രജിസ്ട്രർ ചെയ്യാൻ കഴിയൂ:–

1. സൊസൈറ്റി, ട്രസ്റ്റ്, സെക്ഷൻ 8 കമ്പനികൾ എന്നിവകൾ ;
2. മുൻ സാമ്പത്തിക വർഷം ഏറ്റവും കുറഞ്ഞത് പത്തു ലക്ഷമെങ്കിലും ഫണ്ട് ലഭ്യമാക്കിയിരിക്കണം.;
3. മുൻ സാമ്പത്തിക വർഷം അമ്പതു ലക്ഷമെങ്കിലും ചിലവ് നടത്തിയിരിക്കണം;
4. 80 ജി അല്ലായെങ്കിൽ 12അ/12അഅ രജിസ്ട്രേഷൻ നിബന്ധനകളിൽനിന്നും ഇൻകം ടാക്സ് നിയമങ്ങൾ അനുസരിച്ച് വിടുതൽ നേടിയിരിക്കണം;
5. മൂന്നു വർഷത്തെ തുടർ നിലനിൽപ്പ് – പ്രവർത്തനം ഉണ്ടായിരിക്കണം.

മേൽ വിവരിച്ചവയിലെ രണ്ടും മൂന്നും നിർദ്ദേശങ്ങൾ തുടർ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്;

1. മുൻ സാമ്പത്തിക വർഷം ഏറ്റവും കുറഞ്ഞത് പത്തു ലക്ഷം രൂപ ഫണ്ട് കണ്ടെത്തിയിരിക്കണമെന്നത് ചെറിയ/ പുതിയ എൻ. പി. ഒ കൾക്ക് വെല്ലുവിളിയായി നിലനിൽക്കും, കാരണം ഫണ്ട് ലഭ്യമാക്കൽ പ്രക്രിയ വളരെ കഠിനമേറിയ കടമ്പ എന്നതാണ്;

2. മുൻ സാമ്പത്തിക വർഷം 50 ലക്ഷം രൂപ ചിലവ് നടത്തിയിരിക്കണമെന്ന് വെല്ലുവിളിയായി നിലനിൽക്കുന്നു. വരവിനെക്കാൾ ചിലവ് സാധിക്കില്ല തന്നെ, കടക്കെണിയിലേക്ക് പുതിയ / ചെറിയ എൻ. പി. ഒ. കളെ തള്ളി വിടരുതേ.

### ***പാർട്ട് 2***

## ***സാമൂഹിക ഓഹരി വിപണി : " പൂജ്യം പലിശ + പൂജ്യം പ്രിൻസിപ്പൽ" മാറ്റങ്ങൾ അനിവാര്യം***

***<u>പൂജ്യം പലിശ + പൂജ്യം പ്രിൻസിപ്പൽ</u>*** <u>(ZC+ZP)</u>

***ഈ സവിശേഷ ഇക്വുറ്റികളുടെ ഇഷ്യു/പതിപ്പിനുള്ള അഞ്ച് നൂതന പ്രത്യേകതകൾ ശ്രദ്ധ അർഹിക്കുന്നു.***

***1. കുറഞ്ഞ ഇഷ്യു തുക ഒരു കോടി രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.***

***2. കുറഞ്ഞ പങ്കാളിത്തം – സംഭാവന 2 ലക്ഷം രൂപയായി നിശ്ചയിച്ചിരിക്കുന്നു;***

***3. എല്ലാ ധന ഇടപാടുകളും ഇലക്ട്രോണിക് കണക്ക് സൂക്ഷിപ്പ്/മോഡിലേക്ക് മാത്രമായി മാറണം;***

***4. ഇഷ്യു ചെയ്ത ഷെയറുകളുടെ 75% സംപ്സ്ക്രിപ്ഷൻ നടന്നിരിക്കണം;***

***5. ഓഫർ ഡോക്യുമെന്റ് ബാധകമല്ലാതാകുന്നത് ഷെയർ ഇഷ്യു ചെയ്യുന്നതിന്റെ ലക്ഷ്യം നേടുകയോ ആയതിന്റെ കാലാവധി അവസാനിക്കുന്നോ മുറയ്ക്കായിരിക്കും.***

***മേൽ സവിശേഷ നിബന്ധനകൾ നടപ്പിലാക്കുവാൻ പ്രായോഗിക തലത്തിൽ പല പരിമിതികളുമുണ്ട്;***

***1. കുറഞ്ഞത് 1 കോടിയുടെ പതിപ്പുമാത്രമേ അനുവദിക്കുകയുള്ളു എന്നത് എൻ.പി. ഒ കളുടെ വലിപ്പം ഫണ്ട് ലഭ്യതയുടെ കുറവുകൾ എന്നിവയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. പുതിയ/ചെറിയ എൻ.പി. ഒ കൾക്ക് മിനിമം 25 ലക്ഷം വരെയുള്ള പതിപ്പുകൾ/ഷെയറുകൾ ഇഷ്യു ചെയ്യുവാൻ കഴിയേണ്ടതുണ്ട്.***

***2. ഏറ്റവും കുറഞ്ഞ നിക്ഷേപം/ഷെയറുകൾ 2 ലക്ഷം രൂപയിൽനിന്നും കുറച്ച് മിനിമം അമ്പതിനായിരം രൂപ വരെ അനുവദനീയമാക്കണം;***

***3. ഇഷ്യു ചെയ്യുന്ന ഷെയറുകളുടെ 75% വിറ്റു പോകണമെന്ന നിബന്ധന 50% വരെ എന്നാക്കണം.***

***4. ഓഫർ ഡോക്യുമെന്റിന്റെ കാലാവധി തീരുന്ന മുറയ്ക്ക്/ലക്ഷ്യപ്രാപ്തിയിലെത്തുമ്പോൾ നിക്ഷേപകന് എന്തു പ്രതിഫലം എന്നത്, പൂജ്യം എന്ന മറുപടി, ഏവർക്കും ഒരുപോലെ സ്വീകാര്യമാകില്ല. ഈ പരോപകാരി നിക്ഷേപകൻ വെറുംകൈയ്യോടെ അവസാനിക്കേണ്ടി വരുന്നത് പ്രോത്സാഹനജനകമല്ല.***

***<u>നടപടിക്രമം ലഘൂകരിക്കുക</u>***

***എൻ. പി. ഒ കൾക്ക് ബോംബെ സ്റ്റോക്ക് എക്സേഞ്ച്, നാഷണൽ സ്റ്റോക്ക് എക്സേഞ്ചുകളുടെ ഭാഗമായി സോഷ്യൽ സ്റ്റോക്ക് എക്സേഞ്ചുകളിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. നിലവിൽ നിർദ്ദേശിച്ചിരിക്കുന്ന നടപടിക്രമങ്ങളും ലഭ്യമാക്കേണ്ട രേഖകളും ലളിതവൽക്കരിക്കുകയും ഡേറ്റ വർക്ക് അപ്ലോഡ് കുറയ്ക്കുന്ന വിധത്തിലുമാവേണ്ടതുണ്ട്. വൻകിട ആധുനിക കമ്പനികളുടെ സമാന തലത്തിലേക്കുള്ള നിഷ്കർഷതകൾ ചെറുകിട എൻ. പി. ഒ കളുടെ മേൽ അടിച്ചേൽപ്പിക്കാതെ വേണം കൈപിടിച്ചുയർത്തൽ.***

***അമിത നിയന്ത്രണങ്ങൾ***

***ഏതാനും വിഷയങ്ങളെ കേന്ദ്രീകൃതമാക്കി ലഭ്യമാക്കിയിരിക്കുന്ന സോഷ്യൽ സ്റ്റോക്ക് എക്സേഞ്ചുകളിലെ ഇടപെടലുകൾക്ക് ഭരണ നിർവ്വഹണ നിർദ്ദേശങ്ങൾ:– റിപ്പോർട്ട് മാനദണ്ഡങ്ങൾ, സൂക്ഷ്മ തല പ്ലാനിങ്ങ്, നേട്ടങ്ങളെ ചിത്രീകരിക്കൽ, അളക്കാൻ സ്കോർ കാർഡ് സംവിധാനങ്ങൾ, വെളിപ്പെടുത്തേണ്ട പ്രവർത്തനവിശദാംശങ്ങൾ, സാമൂഹിക ഓഡിറ്റിംഗ് നിർബന്ധമാക്കുന്നത് മുതലായവ വലിയതോതിൽ സാധാരണ ഗ്രാമീണ എൻ.പി.ഒ കളെ നിരുത്സാഹപ്പെടുത്തുന്ന തോതിലും തലത്തിലുമൊക്കെ രംഗം കൈയ്യടക്കുന്നത് പ്രായോഗികതയെ അവഗണിക്കുകയാവില്ലേ?. ആധുനികതയുടെ വ്യാപകമായ കടന്നുവരവ്, സൂക്ഷ്മതല പ്ലാനിങ്ങ് മുത***

ലായവ വൻകിട എൻ. പി.ഒ കൾക്ക് സുഗമമായി നടപ്പിലാക്കാൻ സാധിക്കുമെങ്കിലും താഴെ തട്ടിലെ അധിദ രിദ്രരെ സഹായിക്കുന്ന ചെറുകിട എഫ് പി ഒ ക്കാരുടെ പ്രവർത്തനത്തെ ഞെരുക്കുന്നതാകുന്നു.

ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന സാമൂഹിക സംരംഭങ്ങൾ മേൽ പറയുന്ന തര/തലങ്ങളിൽ/ തോതിൽ ഗവേൺൻസ് മാനേജ്മെന്റിന് നിലവിൽ വിധേയം ആക്കപ്പെട്ടിട്ടുണ്ടോ എന്ന സംശയം അവശേഷിക്കുന്നു. ലളി തവത്ക്കരണവും സുഗമമായ നിയന്ത്രണങ്ങളും കള്ളക്കണക്കുകൾ തയ്യാറാക്കി അവതരിപ്പിക്കുന്നതിനെയും പാഴ്ചിലവുകളെയും ചെറുക്കാൻ സഹായിക്കും.

*********